(ബി) ഇക്കാര്യത്തിൽ സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) & (ബി) ആധാരത്തിൽ വസ്തു വില കുറച്ചാണ് വച്ചിട്ടുള്ളതെന്ന് രജിസ്റ്ററിംഗ് ഉദ്യോഗസ്ഥന് ബോദ്ധ്യപ്പെട്ടാൽ ആധാരം രജിസ്റ്റർ ചെയ്തതിന് ശേഷം മേൽ നടപടിക്കായി ജില്ലാ രജിസ്ട്രാർക്ക് റഫർ ചെയ്യുകയാണ് ചെയ്യുന്നത്. ജില്ലാ രജിസ്ട്രാർ നിയമാനുസൃതമായി തുടർ നടപടി സ്വീകരിക്കും.

വസ്തുവില നിശ്ചയിച്ചതിലെ പരാതികൾ പരിഹരിക്കാൻ നടപടി

136 [1969] *ശ്രീ. എം. എ. വാഹിദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വസ്തു ഇടപാടുകളുടെ രജിസ്ട്രേഷൻ സംബന്ധിച്ച് വസ്തുവിന്റെ വില നിശ്ചയിച്ചതിൽ എന്തെങ്കിലും പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത്തരം പരാതികൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) & (ബി) സംസ്ഥാനത്ത് വസ്തുവിന്റെ ന്യായവില നിശ്ചയിച്ച് പ്രസിദ്ധീകരിക്കുന്ന നടപടി പൂർത്തിയായിട്ടില്ല.

വെങ്ങാനൂർ സബ്-രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണം

137 [1970] *ഡോ. എ. നീലലോഹിതദാസൻ നാടാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആകെ എത്ര സബ് രജിസ്ട്രാർ ആഫീസുകൾ പ്രവർത്തിക്കുന്നു; ജില്ല തിരിച്ച് അവയുടെ കണക്ക് വ്യക്തമാക്കാമോ;

(ബി) കേരളത്തിൽ ആകെ എത്ര സബ് രജിസ്ട്രാർ ആഫീസുകൾക്ക് സ്വന്തമായി കെട്ടിടമുണ്ട്;

(സി) സ്വന്തമായി കെട്ടിടമില്ലാത്ത സബ് രജിസ്ട്രാർ ആഫീസുകൾക്ക് കെട്ടിടം നിർമ്മിക്കുവാൻ എന്ത് നടപടിയാണ് ഉദ്ദേശിക്കുന്നത്; വിശദാംശം വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly